**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3050** **18-03-2022 - ൽ മറുപടിയ്ക്ക്**

**സമുദ്രോത്പന്ന കയറ്റുമതിയിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ ഒന്നും, രണ്ടും തരംഗം വിതച്ച ദുരിതങ്ങൾ മറികടന്ന് സംസ്ഥാനത്തെ സമുദ്രോത്പന്ന കയറ്റുമതിയിൽ ക്രമാനുഗതമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ; | (എ) | 2021-22 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള അഖിലേന്ത്യ അടിസ്ഥാനത്തിലുള്ള താത്ക്കാലിക ഡാറ്റ പ്രകാരം സമുദ്രോത്പന്ന കയറ്റുമതി കോവിഡ് -19 മായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നിന്ന് പുനരുജ്ജീവിക്കുന്നതായും മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 36% വർധന കാണിക്കുന്നതായും കാണുന്നു. |
| (ബി) | കോവിഡിന്റെ മൂന്നാം വ്യാപനം ശക്തമായ രാജ്യങ്ങളിലും, യൂറോപ്യൻ രാജ്യങ്ങളിൽ പ്രത്യേകിച്ചുമുണ്ടായ പ്രതിസന്ധി സംസ്ഥാനത്തെ മത്സ്യോത്പന്ന കയറ്റുമതിയെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കോവിഡ് -19 ന്റെ മൂന്നാം തരംഗത്തിന് ശേഷം സമുദ്രോത്പന്ന കയറ്റുമതി പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കൂടാതെ ജപ്പാൻ, യു.എസ്.എ, ചൈന – മിഡിൽ ഈസ്റ്റ് മറ്റ് വിപണികൾ എന്നിവയുൾപ്പെടെയുള്ള എല്ലാ വിപണികളിലും ഈ വർഷം മികച്ച മികവ് കാണിക്കുന്നു. തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള കയറ്റുമതി മാത്രം കുറഞ്ഞു. |
| (സി) | അടുത്ത സാമ്പത്തിക വർഷം എത്രകോടിയുടെ കയറ്റുമതിയാണ് ലക്ഷ്യംവയ്ക്കുന്നതെന്ന് അറിയിക്കാമോ; | (സി) | കയറ്റുമതി ടാർജറ്റ് നിശ്ചയിച്ച് വരുന്നു. |
| (ഡി) | സമുദ്രോത്പന്ന കയറ്റുമതി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ? | (ഡി) | സമുദ്രോത്പന്ന കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പരിപാടികൾ MPEDA ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ